LIBRARY ARCHIVES Kerala Legislative Assembly

ചടയമംഗലം മണ്ഡലത്തിൽ കെ.എസ്.ഇ.ബി. മുഖേന നടപ്പിലാക്കിയ വികസന പദ്ധതികൾ

41(2242) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം മണ്ഡലത്തിൽ 2011 മേയ് മാസം മുതൽ 2015 നവംബർ വരെ കെ.എസ്.ഇ.ബി മുഖേന നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചുവെന്ന് തരം തിരിച്ച് വിശദമാക്കുമോ?

(സി) ഭരണാനുമതി ലഭിച്ചിട്ടുള്ളതും നിർമ്മാണം നടന്നുവരുന്നതുമായ പദ്ധതികളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) ചടയമംഗലം മണ്ഡലത്തിൽ നോർമൽ ഡെവലപ്മെന്റ് പദ്ധതിയിലും ആർ.ജി.ജി.വി.വൈ. പദ്ധതിയിലുമുൾപ്പെടുത്തി 56.55 കിലോമീറ്റർ 11 കെ.വി. ലൈൻ വലിക്കുകയും 52 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 31.01 കിലോ മീറ്റർ എൽ.റ്റി. ലൈൻ വലിക്കുകയും 85.24 കിലോ മീറ്റർ ലൈൻ കൺവേർഷൻ നടത്തുകയും 11820 സർവ്വീസ് കണക്ഷൻ നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) നോർമൽ ഡെവലപ്മെന്റ് ഫണ്ട്, ആർ.ജി.ജി.വി.വൈ. പദ്ധതികളിലൂടെ ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു:

പ്രവൃത്തിയുടെ പേര്	നോർമൽ ഡെവലപ്മെന്റിന്റെ ഫണ്ട് (ലക്ഷത്തിൽ)	ആർ.ജി.ജി.വി.വൈ (ലക്ഷത്തിൽ)	ആകെ തുക (ലക്ഷത്തിൽ)
11 കെ.വി.ലൈൻ	249.95	51.22	301.17
ട്രാൻസ്ഫോർമർ	124.66	..	124.66
എൽ.റ്റി.ലൈൻ	11.51	110.76	122.27
കൺവേർഷൻ	112.41	..	112.41
സർവ്വീസ് കണക്ഷൻ	225.63	6.203	231.833

(സി) 18.6 കിലോ മീറ്റർ 11 കെ.വി.ലൈൻ നിർമ്മിക്കൽ, 4 ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, 5 കിലോ മീറ്റർ ലൈൻ കൺവേർഷൻ എന്നീ പ്രവൃത്തികളാണ് ഭരണാനുമതി ലഭിച്ച് നിർമ്മാണം നടന്നുവരുന്നത്.